(1)	(2)	(3)	(4)
ആഡംബര നികുതി	12.3580	0.8316	13.1896
മറ്റിനങ്ങൾ	0.3556	0.0333	0.3889
ആകെ	52.7801	109.9614	162.7415

വാണിജ്യ നികുതി വകുപ്പ് : ഇനിയും പിരിഞ്ഞുകിട്ടാനുള്ള തുക 6506.68 കോടി രൂപയാണ്.

മോട്ടോർ വാഹന വകുപ്പ്: 30-6-2015-ലെ ഡി.സി.ബി. പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ കടിശ്ശിക 1289.25 കോടി രൂപയാണ്. ഇതിൽ 1050.09 കോടി രൂപ കെ.എസ്.ആർ.ടി.സി.യുടെ കടിശ്ശികയാണ്.

ആറനാട് സബ് ട്രഷറിക്ക് കെട്ടിടം നിർമ്മാണം

73 (1898) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ആറനാട് സബ്ട്രഷറിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ-ആസ്തി-വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണ് ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തര ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ ആയവ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആറനാട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നിലവിലുള്ള നിരക്ക് പ്രകാരം കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ പുതിയ എസ്റ്റിമേറ്റ് സർക്കാർ നിർദ്ദേശം അനുസരിച്ച് ട്രഷറി ഡയറക്ടറുടെ ശുപാർശ സഹിതം ധനകാര്യ വകുപ്പിൽ 4-12-2015-ൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly